**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 993** **24-02-2022 - ൽ മറുപടിയ്ക്ക്**

**പാറശ്ശാല മണ്ഡലത്തിലെ ജലജീവൻ മിഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ** | | **Shri Roshy Augustine**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | പാറശ്ശാല മണ്ഡലത്തിൽ ജലജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ ഗ്രാമപഞ്ചായത്തുകളിലായി എത്ര ഗാർഹിക കണക്ഷനുകൾ ലഭ്യമാക്കാനുണ്ടെന്നും ആയതിലേക്കായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശം പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; | (എ) | പാറശ്ശാല മണ്ഡലത്തിൽ ജലജീവൻ മിഷൻ പദ്ധതികളുടെ വിശദാംശങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | മണ്ഡലത്തിൽ പഞ്ചായത്തടിസ്ഥാനത്തിലുള്ള ജലജീവൻ പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ; | (ബി) | പാറശ്ശാല മണ്ഡലത്തിൽ ജലജീവൻ മിഷൻ പദ്ധതികളുടെ വിശദാംശങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ അനുബന്ധമായി ചേർക്കുന്നു. |
| (സി) | മണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കിവരുന്നതും അനുമതി ലഭിച്ചിട്ടുള്ളതുമായ പദ്ധതികളുടെ പ്രവർത്തനപുരോഗതി, അനുവദിച്ച തുക, തൽസ്ഥിതി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ; | (സി) | മേല്പറഞ്ഞിട്ടുള്ള ജലജീവനിൽ ഉൾപ്പെട്ട പദ്ധതികൾ കൂടാതെ താഴെപ്പറയുന്ന പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. 1. ആര്യൻകോട് പെരുങ്കടവിള പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള പദ്ധതി (കിഴക്കൻ മല കുടിവെള്ള പദ്ധതി) പ്രസ്തുത പദ്ധതിയ്ക്കായി 43.09 കോടി രൂപയുടെ ഭരണാനുമതി കിഫ്ബി വഴി നല്കിയിരുന്നു. പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നല്കി ദർഘാസുകൾ ക്ഷണിച്ചിരുന്നു. യോഗ്യത നേടിയ കരാറുകാരൻ ക്വാട്ട് ചെയ്ത തുക അടങ്കൽ തുകയേക്കാളും 25.83% കൂടുതലാണ്. ഈ സാഹചര്യത്തിൽ ടെണ്ടർ അംഗീകരിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്. 2. കൊല്ലയിൽ ഗ്രാമപഞ്ചായത്തിനും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി കാളിപ്പാറ കുടിവെള്ള പദ്ധതി പ്രകാരം കൊല്ലയിൽ പഞ്ചായത്തിനു വേണ്ടി പൊൻവിളയിൽ നിന്നും റെയിൽവേ, എൻ.എച്ച് എന്നിവ ക്രോസ്സ് ചെയ്ത് പൈപ്പ് ലൈൻ സ്ഥാപിച്ച് കുടിവെള്ളം ധനുവച്ചപുരം ടി.ടി.ഐ പരിസരത്ത് നിർമ്മിക്കുന്ന ഉപരിതല ജലസംഭരണിയിലെത്തിച്ച് വിതരണം നടത്തുവാനാണ് പദ്ധതി |

| | | | |
|---|---|---|---|
| | | | ലക്ഷ്യമിട്ടിരിക്കുന്നത്. ജലജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നല്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സാർക്ക് പദ്ധതിയിലുൾപ്പെടുത്തി പാറശ്ശാലയും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതിയ്ക്കായി നല്കിയ ഭരണാനുമതിയിൽ ബാക്കിയുള്ള തുക ഉപയോഗിച്ച് കൊല്ലയിൽ പഞ്ചായത്തിലെ ശുദ്ധജല വിതരണത്തിനായി ധനുവച്ചപുരം ടി.ടി.ഐ പരിസരത്ത് 10.17 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല ജലസംഭരണി നിർമ്മിക്കുന്ന പ്രവൃത്തി അവസാനഘട്ടത്തിലാണ്. |
| (ഡി) | ജലജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനും കേടായ പൈപ്പ് ലൈനുകൾ റിപ്പയർ ചെയ്യുന്നതിനും വിവിധ പി.ഡബ്യൂഡി., പഞ്ചായത്ത് റോഡുകൾ എന്നിവ വെട്ടിപ്പൊളിച്ച ശേഷം റിപ്പയർ ചെയ്ത് നൽകുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ; ഇനിയും റിപ്പയർ ചെയ്യാനുള്ള റോഡുകളുടെ പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കുമോ? | (ഡി) | ജലജീവൻ മിഷൻ പദ്ധതി നടപ്പിലാക്കാൻ പി.ഡബ്ല്യൂഡി റോഡുകൾ മുറിക്കേണ്ടി വരുമ്പോൾ പുന:സ്ഥാപിക്കാനുള്ള തുക മുൻകൂറായി അടച്ച് അനുമതി നേടിയതിനുശേഷം മാത്രമാണ് റോഡുകൾ മുറിക്കുന്നത്. അത് കൊണ്ട് തന്നെ പി.ഡബ്ല്യൂഡി റോഡുകളുടെ ശാശ്വത പുന:സ്ഥാപനം പി.ഡബ്ല്യൂഡി-യിൽ നിക്ഷിപ്തമാണ്. ഇത്തരത്തിൽ പി.ഡബ്ല്യൂഡി റോഡുകൾ മുറിച്ചാൽ താൽക്കാലിക പുന:സ്ഥാപനം കേരള വാട്ടർ അതോറിറ്റി ചെയ്യുന്നുണ്ട്. ജലജീവൻ മിഷൻ പഞ്ചായത്തിന്റെ പദ്ധതി ആയതിനാൽ മുറിക്കുന്ന റോഡുകളുടെ പുന:സ്ഥാപനം പൂർണ്ണമായും പഞ്ചായത്തിന്റെ ചുമതലയാണ്. ഇത്തരത്തിൽ പഞ്ചായത്ത് റോഡുകൾ മുറിച്ചാൽ താൽക്കാലിക പുന:സ്ഥാപനം കേരള വാട്ടർ അതോറിറ്റി ചെയ്യുന്നുണ്ട്. നിലവിൽ ഭരണാനുമതി നല്കാനുള്ള പദ്ധതികളിൽ പഞ്ചായത്ത് റോഡ് പുന:സ്ഥാപിക്കാനുള്ള തുക കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

<u>പാറശ്ശാല മണ്ഡലത്തിൽ ജലജീവൻ മിഷൻ പ്രവൃത്തികളുടെ വിശദാംശങ്ങൾ</u>

<u>പഞ്ചായത്ത് തിരിച്ചുള്ള പട്ടിക</u>

| ക്രമ നം. | പഞ്ചായത്ത് | ആകെ വീട്ടുകൾ (എണ്ണം) | നിലവിൽ ഉണ്ടായിരുന്ന കണക്ഷനുകളുടെ എണ്ണം (01.04. 2020-ലെ കണക്കനുസരിച്ച്. | ബാക്കി നല്കാനുള്ള കണക്ഷനുകളുടെ എണ്ണം (01.04. 2020 ലെ കണക്കനുസരിച്ച്) | ഭരണാനുമതി ലഭിച്ച കുടിവെള്ള കണക്ഷനുകളുടെ എണ്ണം | ഭരണാനുമതി തുക (ലക്ഷത്തിൽ) | ഇത് വരെ നല്കിയ കണക്ഷനുകളുടെ എണ്ണം (18.02. 2022 വരെ) | പദ്ധതി പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന തീയതി |
|---|---|---|---|---|---|---|---|---|
| 1. | പാറശ്ശാല | 18703 | 3876 | 14827 | 7912 | 2558.35 | 1139 | 31.05.2022 |
| 2. | അമ്പൂരി | 5990 | 811 | 5179 | 2547 | 958.08 | 2523 | പൂർത്തീകരിച്ചു. |
| 3. | ആര്യൻകോട് | 7918 | 1240 | 6678 | 6645 | 3849.80 | 0 | 31.03.2024 |
| 4. | കള്ളിക്കാട് | 4726 | 706 | 4020 | 3278 | 1353.35 | 3238 | 15.03.2022 |
| 5. | കൊല്ലയിൽ | 9157 | 520 | 8637 | 6032 | 3533.79 | 515 | ബാക്കിയുള്ള കണക്ഷനുകൾക്കായുള്ള ടെണ്ടർ നടപടികൾ നടന്നുവരുന്നു. മാർച്ച് 24 ഓട് കൂടി എല്ലാ ഭവനങ്ങളിലും കുടിവെള്ള കണക്ഷൻ നല്കുന്ന പ്രവൃത്തി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. |
| 6. | കുന്നത്തുകാൽ | 13587 | 2487 | 11100 | 8171 | 1452.18 | 500 | |
| 7. | ഒറ്റശേഖരമംഗലം | 6696 | 842 | 5854 | 4629 | 1705.21 | 218 | |
| 8. | പെരുങ്കടവിള | 4655 | 3455 | 1200 | 6138 | 4716.44 | 1200 | |
| 9. | വെള്ളറട | 11967 | 1552 | 10415 | 8950 | 2083.12 | 492 | |
| ആകെ | | 83399 | 15489 | 67910 | 54302 | 22210.32 | 9825 | |